ഉത്തരം

നിർദ്ദിഷ്ട വെയിറ്റിംഗ് ഷെഡ് പണിക്കുള്ള പ്രെപ്പോസൽ ഇതുവരെ ലഭിച്ചിട്ടില്ല. ലഭിച്ചാലുടനെ നിയമാനുസൃതമായ നടപടി എടുക്കുന്നതാണ്.

ട്രെയിനിൽ ഫസ്റ്റ് ക്ലാസ്സ് നിറുത്തലാക്കി എ.സി. കോച്ച് ഏർപ്പെടുത്തിയ നടപടി

114(1938)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മദ്രാസ്, തിരുവനന്തപുരം-കണ്ണൂർ എന്നീ തീവണ്ടികളിൽ ഉണ്ടായിരുന്ന ഫസ്റ്റ് ക്ലാസ്സ് കമ്പാർട്ടുമെന്റ് നിർത്തലാക്കുകയും പകരമായി ത്രീ ടയർ എയർ കണ്ടിഷൻ കോച്ചുകൾ പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി എ.സി.യിൽ യാത്ര ചെയ്യാൻ കഴിയാത്ത യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂർ-നാഗർകോവിൽ തീവണ്ടിയിൽനിന്നും ഫസ്റ്റ് ക്ലാസ്സ് കോച്ച് നിർത്തലാക്കുവാൻ നടപടി ആരംഭിക്കുകയും പകരമായി ത്രീ ടയർ എ.സി. കോച്ചുകൾ സ്ഥാപിക്കാമെന്ന് വാഗ്ദാനം ചെയ്തതായുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുരുവായൂർ റെയിൽവേ സ്റ്റേഷനിൽ നിലവിൽ എ.സി. ചാർജ്ജ് ചെയ്യുവാൻ വേണ്ട സൗകര്യം ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യങ്ങൾ റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

ഗുരുവായൂർ ക്ഷേത്രത്തിലെ വരുമാനം

115(1939)ശ്രീ. പി.പി സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ പ്രതിവർഷം ശരാശരി എത്ര ഭക്തജനങ്ങൾ എത്തുന്നുണ്ടെന്നും വിവിധയിനങ്ങളിൽ എന്തു തുക ലഭിക്കുന്നുണ്ടെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവിടുന്നു; കണക്ക് ഇനംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly